DESPATCHED
On...10/3/2020

14/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2459*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം. *15/എസ്.ഐ.സി-ജി 6/14*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.എൻ.പി.ഗീത**
**കണ്ണപുരി**
**കല്പത്തൂർ പി.ഒ**
**മേപ്പയ്യൂർ വഴി**
**പിൻ–673 524** — **പരാതി ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ഹെഡ്മാസ്റ്റർ**
**നാഷണൽ ഹയർ സെക്കന്ററി സ്കൂൾ**
**വട്ടോളി, വട്ടോളി പി.ഒ**
**വടകര, കോഴിക്കോട്–673 507**

2. **അപ്പീൽ അധികാരി**
**ജില്ലാ വിദ്യാഭ്യാസ ഓഫീസർ**
**വടകര**

— **എതിർകക്ഷികൾ**

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വിവരം ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 07.11.2019 ന് കളക്ടറേറ്റ് കോഴിക്കോട് വച്ചു നടത്തിയ ഹിയറിംഗിൽ ഹാജരാകുവാൻ ഹർജിക്കാരിക്കു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൾ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യറാവുകയോ ചെയ്തിരുന്നില്ല. ഹിയറിംഗിന് ഹാജരായ എസ്.പി.ഐ.ഒ നൽകിയ മൊഴിയിൽ പ്രസ്താവിച്ചത്, ഹർജിക്കാരി പരാതിയിൽ പറഞ്ഞിരിക്കുന്നത് പ്രൈവറ്റ് എയ്ഡഡ് സ്ഥാപനമായ വട്ടോളി നാഷണൽ ഹയർ സെക്കന്ററി സ്കൂൾ ഒരു സൊസൈറ്റിയുടെ കീഴിലാണെന്നും, ടി സൊസൈറ്റിയുടെ ഭരണചുമതല മാനേജർ ഉൾപ്പെടുന്ന ഭരണ സമിതിക്കാണെന്നുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട യാതൊരു വിധ രേഖകളും സ്കൂളിൽ സൂക്ഷിക്കാറില്ലെന്നും, ആയത് ഭരണസമിതിയുടെ ഓഫീസിൽ അവരുടെ നിയന്ത്രണത്തിലാണെന്നും, ആയതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ട വിവരങ്ങൾ ഹെഡ്മാസ്റ്റർ എന്ന നിലയ്ക്ക് നൽകുവാൻ സാധിക്കില്ലെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ച കമ്മീഷൻ എസ്.പി.ഐ.ഒയുടെ മൊഴി അംഗീകരിക്കുകയും, ടി കാര്യങ്ങൾ ഉൾക്കൊള്ളിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ഹർജിക്കാരിക്ക് നൽകണമെന്നും ആയതിന്റെ പകർപ്പ് കമ്മീഷനിൽ സമർപ്പിക്കണമെന്നുമുള്ള നിർദ്ദേശത്തോടെ ഈ പരാതി ഹർജി ഇന്നേദിവസം 2020 ജനുവരി 14–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res